**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 613**
**19.03.2013–ലെ മറുപടിക്ക്**

**പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | സർക്കാരിന്റെ സാമ്പത്തിക ഇടപാടുകാർ, പെൻഷൻകാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ, സർക്കാരിലേക്കുള്ള വിവിധതരം പണം ഒടുക്കലുകൾ, മുദ്രപ്പത്ര വിൽപ്പന എന്നിവയുടെ വ്യാപ്തിയാണ് പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിന് നിലവിൽ സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡം. കൂടാതെ പുതിയ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സബ് ട്രഷറികൾ അനുവദിച്ചിട്ടുണ്ട്; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9 സബ് ട്രഷറികൾ പുതുതായി അനുവദിച്ചിട്ടുണ്ട്. |
| സി) | പാലക്കാട് ജില്ലയിലെ നെന്മാറയിൽ പുതിയ സബ് ട്രഷറി അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | പുതിയ ട്രഷറികൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**